# തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെയും ചെയർമാൻമാരുടെയും തിരഞ്ഞെടുപ്പിനുള്ള മാർഗനിർദ്ദേശങ്ങൾ

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ,

കേരളം

2010

# തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെയും ചെയർമാൻമാരുടെയും തിരഞ്ഞെടുപ്പിനുള്ള മാർഗനിർദ്ദേശങ്ങൾ

**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ,**

**കേരളം**

**2010**

പ്രസിദ്ധീകരിക്കുന്നത്
കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
കോർപ്പറേഷൻ മന്ദിരം, എൽ.എം.എസ് ജംഗ്ഷൻ
വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം - 695033
2010

കോപ്പികൾ -10,000
കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, 2010

**സംസ്ഥാനത്തെ വിവിധ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവിടങ്ങളിൽ 2010 ലെ പൊതുതിരഞ്ഞെടുപ്പിനുശേഷം നിലവിൽ വരുന്ന ഭരണസമിതികളിൽ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിലേക്ക് തിരഞ്ഞെടുപ്പ് നടത്തുന്നതിനും, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെ തിരഞ്ഞെടുക്കുന്നതിനും വേണ്ടി വരണാധികാരികൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ.**

**2010–ലെ പൊതുതിരഞ്ഞെടുപ്പിന് ശേഷം വിവിധ പഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും രൂപീകരിക്കേണ്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ അവയുടെ ക്രമപ്രകാരം താഴെപറയും വിധം ആണ്.**

**(എ) ഗ്രാമപഞ്ചായത്തുകളിലും, ബ്ലോക്ക് പഞ്ചായത്തുകളിലും - 4 എണ്ണം**

(1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് , വകുപ്പ് 162 കാണുക)

1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
2) വികസന സ്റ്റാന്റിംഗ് കമ്മിറ്റി
3) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
4) ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി

**ബി) ജില്ലാ പഞ്ചായത്ത് - 5 എണ്ണം**

1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
2) വികസന സ്റ്റാന്റിംഗ് കമ്മിറ്റി
3) പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി
4) ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി
5) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

## 2. മുനിസിപ്പാലിറ്റികളിൽ രൂപീകരിക്കേണ്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ

(1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 20 കാണുക)

**എ) മുനിസിപ്പൽ കൗൺസിലിൽ - 6 എണ്ണം.**

1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
2) വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
3) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
4) ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
5) മരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

6) വിദ്യാഭ്യാസ കലാകായിക കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

**ബി) മുനിസിപ്പൽ കോർപ്പറേഷനിൽ - 8 എണ്ണം**

1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
2) വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
3) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
4) ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
5) മരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
6) നഗരാസൂത്രണകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
7) നികുതി അപ്പീൽകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
8) വിദ്യാഭ്യാസ കായികകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

## 3. ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയിലും അംഗങ്ങളുടെ എണ്ണവും, സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെയും ചെയർമാൻ സ്ഥാനങ്ങളുടെയും സ്ത്രീ സംവരണവും

ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയിലും അതിന്റെ ചെയർമാൻ ഉൾപ്പെടെയുള്ള അംഗസംഖ്യ 2000-ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങളിലും, 2000-ലെ കേരള മുനിസിപ്പാലിറ്റി (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങളിലും പറയുംവിധം നിർണ്ണയിക്കപ്പെട്ട പ്രകാരത്തിലായിരിക്കുന്നതാണ്. ഓരോ തലത്തിലുമുള്ള പഞ്ചായത്തിലെയും, ഓരോ മുനിസിപ്പൽ കൗൺസിലിലെയും, മുനിസിപ്പൽ കോർപ്പറേഷനിലെയും ആകെ സ്ഥാനങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയിലെയും അംഗങ്ങളുടെ എണ്ണം നിശ്ചയിച്ചിട്ടുള്ളത്. { 2000-ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ, പട്ടിക I, II, 2000-ലെ കേരള മുനിസിപ്പാലിറ്റി (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ, പട്ടിക II, III എന്നിവ കാണുക } **എല്ലാ തലത്തിലുള്ള പഞ്ചായത്തിലും പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർ ഒഴികെ പഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട മറ്റ് എല്ലാ അംഗങ്ങളും ഏതെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അംഗമായി തിരഞ്ഞെടുക്കപ്പെടേണ്ടതാണ്. മുനിസിപ്പൽ കൗൺസിൽ, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയെ സംബന്ധിച്ച് ചെയർപേഴ്സണും, ഡെപ്യൂട്ടി ചെയർപേഴ്സണും ഒഴികെ മറ്റെല്ലാ കൗൺസിലർമാരും ഏതെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അംഗമായി തിരഞ്ഞെടുക്കപ്പെടേണ്ടതാണ്.** ഓരോ പഞ്ചായത്തിലേയും, മുനിസിപ്പൽ കൗൺസിലിലേയും, മുനിസിപ്പൽ കോർപ്പറേഷനിലേയും എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളിലും ഒരു സ്ഥാനം പഞ്ചായത്തിലേയ്ക്ക്/മുനിസിപ്പാലിറ്റിയിലേക്ക്/മുനിസിപ്പൽ കോർപ്പറേ



ഷനിലേക്ക്/അംഗങ്ങളായി/കൗൺസിലർമാരായി തിരഞ്ഞെടുക്കപ്പെട്ട സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതാണ് [ചട്ടം 3 എ]. സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിന്, ബന്ധപ്പെട്ട രണ്ട് ചട്ടങ്ങളിലും, ചട്ടം 5(1) പ്രകാരം വിളിച്ചുകൂട്ടുന്ന യോഗത്തിൽ സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ട എല്ലാ സ്ഥാനങ്ങളിലേയ്ക്കും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ക്രമത്തിൽ ആദ്യം തിരഞ്ഞെടുപ്പ് നടത്തേണ്ടതും, തുടർന്ന് സംവരണം ചെയ്യപ്പെടാത്ത സ്ഥാനങ്ങളിലേയ്ക്ക് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ക്രമത്തിൽ തിരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്.

**4.** എല്ലാ പഞ്ചായത്തിലും വൈസ് പ്രസിഡന്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ ആയിരിക്കുന്നതാണ്. എല്ലാ മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷ നുകളിലും ഡെപ്യൂട്ടി ചെയർ പേഴ്സൺ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ ആയിരിക്കുന്നതാണ്. ആയതിനാൽ എല്ലാ പഞ്ചായത്തുകളിലും, മുനിസിപ്പൽ കൗൺസിലിലും, കോർപ്പറേഷൻ കൗൺസിലുകളിലും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള മറ്റേതൊരു സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ചെയർമാനെ അതാത് സ്റ്റാന്റിംഗ് കമ്മിറ്റിയിലെ അംഗങ്ങൾ അവരുടെയിടയിൽ നിന്നും തിരഞ്ഞെടുക്കേണ്ടതാണ്.

**5.** ഡെപ്യൂട്ടി ചെയർപേഴ്സൺ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള ഒരു മുനിസിപ്പൽ കൗൺസിലിൽ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള രണ്ട് സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻ സ്ഥാനങ്ങളും, ഡെപ്യൂട്ടി ചെയർപേഴ്സൺ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടില്ലാത്ത ഒരു മുനിസിപ്പൽ കൗൺസിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള മൂന്ന് സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻ സ്ഥാനങ്ങളും, ഡെപ്യൂട്ടി മേയർ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള ഒരു മുനിസിപ്പൽ കോർപ്പറേഷനിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള മൂന്നു സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻ സ്ഥാനങ്ങളും, ഡെപ്യൂട്ടി മേയർ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടില്ലാത്ത ഒരു മുനിസിപ്പൽ കോർപ്പറേഷനിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള നാല് സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻ സ്ഥാനങ്ങളും സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ളതാണ്. അപ്രകാരം 2010-ലെ പൊതുതിരഞ്ഞെടുപ്പിന് ശേഷം നിലവിൽ വരുന്ന മുനിസിപ്പാലിറ്റികളിലെയും, കോർപ്പറേഷനുകളിലെയും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തുകൊണ്ടും, ആയത് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ക്രമമനുസരിച്ച് മുനിസിപ്പാലിറ്റികളിലെയും, കോർപ്പറേഷനുകളിലെയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിലേയ്ക്ക് വീതിച്ചു നൽകികൊണ്ടും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 459/

2010-ാം നമ്പരായി 3.8.2010 തീയതിയിൽ ഉത്തരവ് പുറപ്പെടുവിക്കുകയും, അപ്രകാരം സംവരണം ചെയ്യപ്പെട്ട സ്ഥാനങ്ങളുടെ വിവരം മുൻകൂട്ടി പ്രസിദ്ധപ്പെടുത്തുന്നതിന് നഗരകാര്യ ഡയറക്ടറെ അധികാരപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. അതിൻപ്രകാരം നഗരകാര്യഡയറക്ടർ 12.8.2010 തീയതിയിൽ എൽ.9453/2009-ാം നമ്പർ വിജ്ഞാപന പ്രകാരം ഓരോ മുനിസ്സിപ്പാലിറ്റി/ കോർപ്പറേഷനുകളെ സംബന്ധിച്ചും സ്ത്രീ സംവരണം ചെയ്യപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ സ്ഥാനങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടു ള്ളതാണ്.

**6.** ഗ്രാമപഞ്ചായത്തുകളുടെയും, ബ്ലോക്ക് പഞ്ചായത്തുകളുടെയും കാര്യത്തിൽ, വൈസ് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടു ണ്ടെങ്കിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ചെയർമാൻ സ്ഥാനവും, വൈസ്പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെ ട്ടിട്ടില്ലെങ്കിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള രണ്ട് സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻ സ്ഥാനങ്ങളും, ജില്ലാ പഞ്ചായത്തുകളുടെ കാര്യത്തിൽ വൈസ് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള രണ്ട് സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻ സ്ഥാനങ്ങളും, വൈസ് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടില്ലാത്ത സംഗതിയിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള മൂന്ന് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർമാൻ സ്ഥാനങ്ങളും സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്. അപ്രകാരം 2010-ലെ പൊതുതിരഞ്ഞെടുപ്പിന് ശേഷം നിലവിൽ വരുന്ന വിവിധ പഞ്ചായത്തുകളിൽ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തുകൊണ്ടും, ആയത് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ക്രമമനുസരിച്ച് വിവിധ പഞ്ചായത്തുകളിലെ സ്റ്റാന്റിംഗ് കമ്മിറ്റികളിലേയ്ക്ക് വീതിച്ചു നൽകികൊണ്ടും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 549/2010 നമ്പരായി 13.9.2010 തീയതിയിൽ ഉത്തരവ് പുറപ്പെടുവിക്കുകയും, അപ്രകാരം എല്ലാ തലത്തിലുമുള്ള വിവിധ പഞ്ചായത്തുകളിൽ സംവരണം ചെയ്യപ്പെട്ട സ്ഥാനങ്ങളുടെ വിവരം മുൻകൂട്ടി പ്രസിദ്ധപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടറെ അധികാരപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. അതിൻ പ്രകാരം പഞ്ചായത്ത് ഡയറക്ടർ 24.9.2010 തീയതിയിലെ ജെ.3-28388/10-ാം നമ്പർ വിജ്ഞാപനപ്രകാരം മൂന്ന് തലത്തിലുള്ള ഓരോ പഞ്ചായത്തിനെ സംബന്ധിച്ചും സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മാരുടെ സ്ഥാനങ്ങൾ സംബന്ധിച്ച വിവരം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.



## 7. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരി ക്കുന്നതിലും, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെ തിരഞ്ഞെടുക്കുന്നതിനും വരണാധികാരിയുടെ ചുമതലകൾ.

എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളിലേയ്ക്കും അംഗങ്ങളെയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർമാൻമാരെയും തിരഞ്ഞെടുക്കു ന്നതിലേയ്ക്കായി വരണാധികാരിയായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനുമായി ഉദ്യോഗസ്ഥൻമാരെ നിയമിച്ചിട്ടുള്ളതാണ്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 2000-ലെ കേരള മുനിസിപ്പാലിറ്റി (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ, 2000-ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ എന്നിവ പ്രകാരം ബന്ധപ്പെട്ട ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും നിയമാനുസരണം വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിലേയ്ക്ക് അംഗങ്ങളേയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെ സ്ത്രീ സംവരണ വ്യവസ്ഥയ്ക്ക് വിധേയമായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കും മേൽനോട്ടത്തിനും വിധേയമായി തിരഞ്ഞെടുക്കുന്നതിന് വരണാധികാരി നേരിട്ട് ഉത്തരവാദിയാണ്.

## 8. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിലെ അംഗങ്ങളുടെ തിരഞ്ഞെടുപ്പിനും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ തിരഞ്ഞെടുപ്പിനും വരണാധികാരി താഴെപറയുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

(എ) ഒരു പഞ്ചായത്ത് അഥവാ ഒരു മുനിസിപ്പാലിറ്റി രൂപീകരിക്കുകയോ പുനർ രൂപീകരിക്കുകയോ ചെയ്തതിന് ശേഷം അതിന്റെ പ്രസിഡന്റിനെയും വൈസ് പ്രസിഡന്റിനെയും, അഥവാ ചെയർപേഴ്സനെയും ഡെപ്യൂട്ടി ചെയർപേഴ്സനെയും തിരഞ്ഞെടുത്തതിനുശേഷം പതിനഞ്ചു ദിവസത്തിനുള്ളിൽ വരണാധികാരി ഈ ആവശ്യ ത്തിലേയ്ക്കായി വിളിച്ചുകൂട്ടിയ പഞ്ചായത്തിലെ/മുനിസിപ്പാലിറ്റിയിലെ തിരഞ്ഞെ ടുക്കപ്പെട്ട അംഗങ്ങളുടെ ഒരു യോഗത്തിൽ വച്ച് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 162 (1), 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 20 എന്നിവയിൽ പറഞ്ഞിട്ടുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ക്രമത്തിൽ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിലേയ്ക്ക് അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടതാണ്.

(ബി) സ്ത്രീകൾക്കായി മുനിസിപ്പാലിറ്റികളിൽ/കോർപ്പറേഷനുകളിൽ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനങ്ങൾ സംവരണം ചെയ്തത് പ്രസിദ്ധപ്പെടുത്തിയ നഗരകാര്യ ഡയറക്ടറുടെ 12.8.2010 തീയതിയിലെ എൽ - 9453/2009 - ാം നമ്പർ വിജ്ഞാപനപ്രകാരവും, ത്രിതല പഞ്ചായത്തുകളിൽ സ്ത്രീകൾക്ക് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനങ്ങൾ സംവരണം ചെയ്തത് പ്രസിദ്ധപ്പെടുത്തിയ പഞ്ചായത്ത് ഡയറക്ടറുടെ 24.9.2010 തീയതിയിലെ ജെ.3 - 28388/10 - ാം നമ്പർ വിജ്ഞാപന പ്രകാരവുമാണ് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മാരുടെ സംവരണ സ്ഥാനങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. ഓരോ തലത്തിലുമുള്ള വിവിധ പഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും കമ്മിറ്റിയുടെ ചെയർമാൻ ഉൾപ്പെടെയുള്ള ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയിലേയും അംഗങ്ങളുടെ എണ്ണം പഞ്ചായത്തിലെ/ മുനിസിപ്പൽ കൗൺസിലിലെ / കോർപ്പറേഷനിലെ ആകെ സ്ഥാനങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ഥങ്ങളായിട്ടാണ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ചട്ടങ്ങളിലെ പട്ടിക കൾ പ്രകാരം നിശ്ചയിച്ചിട്ടുള്ളത്. ആയതിനാൽ സ്റ്റാന്റിംഗ് കമ്മിറ്റികളിലേക്ക് അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിലേക്ക് നിയമിക്കപ്പെട്ടിട്ടുള്ള വരണാധികാരി തിരഞ്ഞെടുപ്പ് നടപടികൾ ആരംഭിക്കുന്നതിന് മുന്നോടിയായി താഴെപറയുന്ന പട്ടികയിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ സംബന്ധിച്ച വിശദാംശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്നും ശേഖരിക്കേണ്ടതാണ്.



## പട്ടിക

*(ചട്ടം 3 കാണുക)*

**2010-ലെ സ്റ്റാന്റിംഗ് കമ്മിറ്റികളിലേക്കുള്ള തിരഞ്ഞെടുപ്പ്**

തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പേര്.................................................. ഗ്രാമപഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത്/ ജില്ലാപഞ്ചായത്ത്/മുനിസിപ്പാലാറ്റി/മുനിസിപ്പൽ കോർപ്പറേഷൻ.

തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ ആകെ അംഗങ്ങളുടെ എണ്ണം ..................................

തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ രൂപീകരിക്കേണ്ടുന്ന സ്റ്റാന്റിംഗ് കമ്മിറ്റികളുടെ എണ്ണം ................

| ക്രമ നമ്പർ | രൂപീകരിക്കേണ്ടുന്ന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പേര് | കമ്മിറ്റി ചെയർമാൻ ഉൾപ്പെടെ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ അംഗ ങ്ങളുടെ എണ്ണം | സ്ത്രീകൾക്കായി സംവരണം ചെയ്ത അംഗ ങ്ങളുടെ എണ്ണം | പൊതുവിഭാഗത്തിൽ നിന്ന് തിരഞ്ഞെടുക്കേണ്ടുന്ന അംഗങ്ങളുടെ എണ്ണം * | കമ്മിറ്റി ചെയർമാൻ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തതാണോ ? ( ധനകാര്യകമ്മിറ്റിക്ക് ബാധകമല്ല ) | റിമാർക്ക്സ് |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1. | | | | | | |
| 2. | | | | | | |
| 3. | | | | | | |
| 4. | | | | | | |
| 5. | | | | | | |
| 6. | | | | | | |
| 7. | | | | | | |
| 8. | | | | | | |

**കുറിപ്പ്:**

* [ ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വൈസ്പ്രസിഡന്റ് /ഡെപ്യൂട്ടി ചെയർപേഴ്സൺ ആകയാലും, കമ്മിറ്റി ചെയർമാൻ ഉൾപ്പെടെയുള്ള അംഗങ്ങളുടെ എണ്ണം ആണ് ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിക്കും ചട്ടങ്ങൾ പ്രകാരം നിശ്ചയിച്ചിട്ടുള്ളത് എന്നതിനാലും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലേയ്ക്ക് അംഗങ്ങളായി പൊതുവിഭാഗത്തിൽ നിന്നും ഒരംഗത്തെ കുറച്ച് തിരഞ്ഞെടുത്താൽ മതിയാകും ]

## സാക്ഷ്യപത്രം

മേൽപട്ടികയിൽ പറയുന്ന കാര്യങ്ങൾ ...................................... പഞ്ചായത്ത്/ ബ്ലോക്ക്പഞ്ചായത്ത്/ജില്ലാപഞ്ചായത്ത്/മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ സംബന്ധിച്ച് പൂർണ്ണ മായും വസ്തുതാപരമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: ഒപ്പ്

തീയതി: സെക്രട്ടറി

## 9. സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ തിരഞ്ഞെടുപ്പ്

(എ) സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള യോഗം വിളിച്ചുകൂട്ടുന്നതിനുള്ള നോട്ടീസ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കും യോഗതീയതിക്ക് അഞ്ചുദിവസങ്ങൾക്ക് മുമ്പ് വരണാധികാരി നൽകേണ്ടതാണ്. യോഗം നടത്തുന്ന തീയതി, സമയം, സ്ഥലം എന്നിവ നോട്ടീസിൽ കാണിക്കണം. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഓഫീസിലാണ് യോഗം ചേരേണ്ടത്. നോട്ടീസിന്റെ കോപ്പി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്. മേൽപ്പറഞ്ഞ അഞ്ച് ദിവസങ്ങളിൽ പ്രഖ്യാപിത പൊതുഒഴിവ് ദിവസങ്ങൾ ഉൾപ്പെടുന്നതും എന്നാൽ നോട്ടീസ് കൈപ്പറ്റിയ തീയതിയും യോഗം ചേരുന്ന തീയതിയും ഉൾപ്പെടാത്തതുമാകുന്നു (ചട്ടം 4). മേൽപ്രകാരം നൽകുന്ന നോട്ടീസിൽതന്നെ അംഗം ഏതെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റിയിലെ അംഗമായി മത്സരിക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ യഥാവിധി രേഖാമൂലം നാമനിർദ്ദേശം സമർപ്പിക്കുവാനും,



അങ്ങനെയുള്ള നാമനിർദ്ദേശം വരണാധികാരിയെ ഏല്പിക്കേണ്ട അവസാന തീയതിയും സമയവും കാണിച്ച് വരണാധികാരി ആവശ്യപ്പെടേണ്ടതുമാണ്. ത്രിതല പഞ്ചായത്തുകളെ സംബന്ധിച്ച് പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 162 (1) പ്രകാരവും, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളെ സംബന്ധിച്ച് മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 20 പ്രകാരവും പറഞ്ഞിട്ടുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ക്രമത്തിലാണ് വരണാധികാരി തിരഞ്ഞെടുപ്പ് യോഗത്തിൽവച്ച് സ്റ്റാന്റിംഗ് കമ്മിറ്റികളിലേയ്ക്ക് തിരഞ്ഞെടുപ്പ് നടത്തേണ്ടത്. എന്നാൽ മേൽപറഞ്ഞ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ക്രമത്തിൽതന്നെ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളിലേയ്ക്കും സംവരണം ചെയ്തിട്ടുള്ള ഒരു സ്ത്രീ അംഗത്തിന്റെ തിരഞ്ഞെടുപ്പ് ആദ്യം നടത്തേണ്ടതും, തുടർന്ന് ക്രമമായി ഓരോ സ്റ്റാന്റിംഗ് കമ്മിറ്റികളിലേയ്ക്കുമുള്ള മറ്റ് അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടതുമാണ് (ചട്ടം 3 എ, 5 എന്നിവ കാണുക).

(ബി) സ്ഥാനാർത്ഥികളുടെ യോഗ്യത

ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ തിരഞ്ഞെടുക്കപ്പെട്ട ഏതൊരംഗത്തിനും സ്ഥാനാർത്ഥി ആകാവുന്നതാണ്. എന്നാൽ പഞ്ചായത്തിന്റെ പ്രസിഡന്റ്/വൈസ്പ്രസിഡന്റ്/ഏതെങ്കിലും മുനിസിപ്പാലിറ്റിയുടെ അഥവാ കോർപ്പറേഷന്റെ ചെയർപേഴ്സൺ/ഡെപ്യൂട്ടി ചെയർപേഴ്സൺ , തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഏതെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റിയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗം, ഏതെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ എന്നിവർ സ്ഥാനാർത്ഥികളാവാൻ പാടില്ലാത്തതാണ്. കൂടാതെ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാനത്തേയ്ക്ക് സ്ത്രീകളല്ലാത്ത അംഗങ്ങൾ സ്ഥാനാർത്ഥികളാകുവാൻ പാടുള്ളതല്ല.

(സി) അംഗങ്ങളുടെ തിരഞ്ഞെടുപ്പ് രീതി

i) ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടാൻ ആഗ്രഹിക്കുന്ന ഏതൊരു സ്ഥാനാർത്ഥിയും തന്റെ സ്ഥാനാർത്ഥിത്വം 4-ാം ചട്ടപ്രകാരം വരണാധികാരി നൽകിയിട്ടുള്ള നോട്ടീസിൽ കാണിച്ചിരിക്കുന്ന തീയതിക്കും സമയത്തിനുമുള്ളിൽ വരണാധികാരിയെ രേഖാമൂലം അറിയിക്കേണ്ടതാണ് (ചട്ടം 7).

ii) മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ പേരുകൾ വരണാധികാരി യോഗത്തിൽ വായിച്ചറിയിക്കേണ്ടതാണ്. ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഒഴിവുള്ള സ്ഥാനങ്ങളുടെ എണ്ണവും സ്ഥാനാർത്ഥികളുടെ എണ്ണവും തുല്യമാണെങ്കിൽ അങ്ങനെയുള്ള എല്ലാ സ്ഥാനാർത്ഥികളും യഥാവിധി തിരഞ്ഞെടുക്കപ്പെട്ടതായി വരണാധികാരി പ്രഖ്യാപിക്കേണ്ടതാണ്.

iii) സ്ഥാനാർത്ഥികളുടെ എണ്ണം ഒഴിവുള്ള സ്ഥാനങ്ങളുടെ എണ്ണത്തേക്കാൾ കൂടുതലാണെങ്കിൽ വരണാധികാരി യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളിൽ നിന്നും ആനുപാതിക പ്രാതിനിധ്യ സമ്പ്രദായമനുസരിച്ച് ഒറ്റ കൈമാറ്റ വോട്ടുമൂലം 8-ാം ചട്ടപ്രകാരം വോട്ടെടുപ്പ് നടത്തി ഒഴിവുള്ള സ്ഥാനങ്ങളിലേയ്ക്ക് അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടതാണ്.

iv) ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ ആഗ്രഹിക്കുന്ന ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ തിരഞ്ഞെടുക്കപ്പെട്ട ഓരോ അംഗത്തിനും ബാധകമാവുംവിധം അതത് സംഗതിപോലെ 2000-ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ, 2000-ലെ കേരള മുനിസിപ്പാലിറ്റി (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ എന്നിവയിൽ അനുബന്ധമായി ചേർത്തിട്ടുള്ള **ഫോറം 1** ലുള്ള ഒരു ബാലറ്റ് പേപ്പർ വരണാധികാരി നൽകേണ്ടതും, മത്സരിക്കുന്ന എല്ലാ സ്ഥാനാർത്ഥികളുടെയും പേരുകൾ ബാലറ്റ് പേപ്പറിൽ ഉണ്ടായിരിക്കേണ്ടതുമാണ്. ഓരോ അംഗവും ബാലറ്റ് പേപ്പറിൽ; **എത്ര സ്ഥാനാർത്ഥികളാണോ തിരഞ്ഞെടുക്കപ്പെടേണ്ടത് അത്രയും സ്ഥാനാർത്ഥികളുടെ പേരിന് നേരെ ഓരോരുത്തർക്കും താൻ നൽകുന്ന മുൻഗണന ഒന്ന്, രണ്ട്, മൂന്ന്, .... എന്ന ക്രമത്തിൽ വ്യക്തമായി എഴുതി വോട്ട് രേഖപ്പെടുത്തേണ്ടതും ബാലറ്റ് പേപ്പറിന്റെ പുറകുവശത്ത് തന്റെ പേരും ഒപ്പും രേഖപ്പെടുത്തിയതിനുശേഷം ബാലറ്റ് പേപ്പർ ബാലറ്റ് പെട്ടിയിൽ നിക്ഷേപിക്കേണ്ടതുമാണ്.**

v) വോട്ടെടുപ്പ് പൂർത്തിയായശേഷം, വരണാധികാരി ബാലറ്റ് പെട്ടി തുറന്ന് ബാലറ്റ് പേപ്പറുകൾ പുറത്തെടുത്ത് ഓരോ സ്ഥാനാർത്ഥിക്കും കിട്ടിയ മുൻഗണനാ ക്രമത്തിലുള്ള വോട്ടുകൾ എണ്ണേണ്ടതാണ്. ഒരു സ്ഥാനാർത്ഥിക്കും വോട്ട് രേഖപ്പെടുത്തിയിട്ടില്ലാത്തതോ, ഒന്നിലധികം സ്ഥാനാർത്ഥികൾക്ക് ഒരേ മുൻഗണന നൽകി വോട്ട് രേഖപ്പെടുത്തിയിട്ടുള്ളതോ, ബാലറ്റ് പേപ്പറിന്റെ പുറകുവശത്ത് വോട്ട് ചെയ്ത അംഗത്തിന്റെ പേരും ഒപ്പും ഇല്ലാത്തതോ ആയ ബാലറ്റ് പേപ്പർ തള്ളിക്കളയേണ്ടതും, തള്ളിക്കളഞ്ഞ ബാലറ്റ് പേപ്പറുകൾ പ്രത്യേക കവറിൽ സൂക്ഷിക്കേണ്ടതുമാണ് (ചട്ടം 8).

## 10. തിരഞ്ഞെടുപ്പ് ഫലം താഴെപറയുന്ന രീതിയിൽ വരണാധികാരി പ്രഖ്യാപിക്കേണ്ടതാണ്.

(i) വോട്ട് എണ്ണിയതിൽ ഏറ്റവും കൂടുതൽ ഒന്നാം മുൻഗണന രേഖപ്പെടുത്തിയ വോട്ടുകൾ നേടിയ ഒഴിവുള്ള സ്ഥാനങ്ങൾക്ക് തുല്യമായ എണ്ണം സ്ഥാനാർത്ഥികൾ തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കേണ്ടതാണ്.



(ii) മേൽപ്രകാരം വോട്ടെണ്ണിയതിൽ രണ്ടോ അതിലധികമോ സ്ഥാനാർത്ഥികൾക്ക് ഒന്നാം മുൻഗണന രേഖപ്പെടുത്തിയ വോട്ടുകൾ തുല്യമായിരിക്കുകയും അവരിൽനിന്ന് ഒന്നോ അതിലധികമോ അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടതായി വരികയും ചെയ്യുമ്പോൾ അതത് സ്ഥാനാർത്ഥികൾക്ക് ലഭിച്ച ഒന്നാം മുൻഗണന രേഖപ്പെടുത്തിയ വോട്ടുകളോടു കൂടെ രണ്ടാം മുൻഗണന രേഖപ്പെടുത്തിയ വോട്ടുകൾകൂടി ചേർത്ത് അപ്രകാരമുള്ള മൊത്തം വോട്ടുകൾ ഏറ്റവും കൂടുതൽ നേടിയ സ്ഥാനാർത്ഥി അല്ലെങ്കിൽ സ്ഥാനാർത്ഥികൾ തിരഞ്ഞെടുക്കപ്പെട്ടതായി വരണാധികാരി പ്രഖ്യാപിക്കേണ്ടതാണ്. ഇപ്രകാരവും വോട്ടെണ്ണിയതിൽ രണ്ടോ അതിലധികമോ സ്ഥാനാർത്ഥികൾക്ക് മൊത്തം മുൻഗണന വോട്ടുകൾ തുല്യമായിരിക്കുകയും, അവരിൽനിന്നും ഒന്നോ അതിലധികമോ അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടതായി വരികയും ചെയ്യുമ്പോൾ അതതു സ്ഥാനാർത്ഥികൾക്ക് ലഭിച്ച ഒന്നും, രണ്ടും മുൻഗണനാ വോട്ടുകളോടുകൂടെ മൂന്നാം മുൻഗണന രേഖപ്പെടുത്തിയ വോട്ടുകൾ കൂടി ചേർത്ത് അപ്രകാരമുള്ള മൊത്തം വോട്ടുകൾ ഏറ്റവും കൂടുതൽ നേടിയ സ്ഥാനാർത്ഥി അല്ലെങ്കിൽ സ്ഥാനാർത്ഥികൾ തിരഞ്ഞെടുക്കപ്പെട്ടതായി വരണാധികാരി പ്രഖ്യാപിക്കേണ്ടതാണ്. മേൽപ്രകാരവും വോട്ട് എണ്ണിയതിൽ രണ്ടോ അതിലധികമോ സ്ഥാനാർത്ഥികൾക്ക് മൊത്തം മുൻഗണന വോട്ടുകൾ തുല്യമായിരിക്കുകയും അവരിൽനിന്ന് ഒന്നോ അതിലധികമോ അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടതായി വരികയുമാണെങ്കിൽ മുകളിൽ പറഞ്ഞ പ്രകാരം വോട്ടെണ്ണൽ തുടർന്ന് നടത്തേണ്ടതും ഒഴിവുള്ള എല്ലാ സ്ഥാനങ്ങളിലേയ്ക്കും അംഗങ്ങളെ തിരഞ്ഞെടുക്കുന്നതുവരെ അപ്രകാരം വോട്ടെണ്ണൽ തുടരേണ്ടതുമാണ്. ഇപ്രകാരം വോട്ടെണ്ണിയതിൽ ഒരു സ്ഥാനം മാത്രം അവശേഷിക്കേ, ഒന്നിലധികം സ്ഥാനാർത്ഥികൾക്ക് മൊത്തം വോട്ടുകൾ തുല്യമായി വരികയാണെങ്കിൽ ആ സ്ഥാനം നികത്തുന്നതിനുവേണ്ടി യോഗത്തിൽ വച്ച് വരണാധികാരി നറുക്കെടുപ്പ് നടത്തേണ്ടതും അപ്രകാരം ഉള്ള സ്ഥാനാർത്ഥികളിൽ നിന്ന് ആരുടെ പേരാണോ ആദ്യം നറുക്കെടുക്കുന്നത് ആ ആൾ തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കേണ്ടതുമാണ് (ചട്ടം 8 കാണുക).

(iii) മുകളിൽപറഞ്ഞ നടപടിക്രമങ്ങൾ ഏതെങ്കിലും ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ആകസ്മിക ഒഴിവുകൾ നികത്തുന്നതിനും, ചട്ടം 3 എ പ്രകാരം നിശ്ചയിച്ചിട്ടുള്ള ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയിലേയ്ക്കുമുള്ള സ്ത്രീ സംവരണ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പിനും ബാധകമാണ്.

**11.** (i) ഏതെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റിയിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ സ്ഥാനർത്ഥികളുടെ എണ്ണം ഒഴിവുള്ള സ്ഥാനങ്ങളുടെ എണ്ണത്തെക്കാൾ കുറവാണെങ്കിൽ

അങ്ങനെയുള്ള സ്ഥാനാർത്ഥികൾ യഥാവിധി തിരഞ്ഞെടുക്കപ്പെട്ടതായി വരണാധികാരി പ്രഖ്യാപിക്കേണ്ടതും ബാക്കി ഒഴിവുള്ള സ്ഥാനത്തേക്കോ, സ്ഥാനങ്ങളിലേയ്ക്കോവേണ്ട അംഗങ്ങളെ അഞ്ച് (5) ദിവസത്തിനകം ഈ ആവശ്യത്തിനായി വരണാധികാരി പ്രത്യേക യോഗം വിളിച്ചു കൂട്ടി തിരഞ്ഞെടുക്കേണ്ടതുമാണ്.

(ii) ഇപ്രകാരം വിളിച്ചുകൂട്ടുന്ന പ്രത്യേക യോഗത്തിൽ ഏതെങ്കിലും സ്ഥാനത്തേയ്ക്ക് മത്സരിക്കാൻ സ്ഥാനാർത്ഥികൾ ഇല്ലാതെ വരികയും മറ്റെല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളിലേയും എല്ലാ അംഗങ്ങളെയും തിരഞ്ഞെടുത്ത് കഴിയുകയും ചെയ്യുന്ന സംഗതിയിൽ ആ സ്ഥാനത്തേയ്ക്ക് സ്ത്രീ സംവരണ സ്ഥാനങ്ങൾ കണക്കിലെടുത്തുകൊണ്ട് ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിലും അംഗമല്ലാത്ത ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ തിരഞ്ഞെടുക്കപ്പെട്ട ഒരു അംഗത്തെ സ്റ്റാൻറിംഗ് കമ്മിറ്റിയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗമായി വരണാധികാരി പ്രഖ്യാപിക്കേണ്ടതും അയാൾ യഥാവിധി തിരഞ്ഞെടുക്കപ്പെട്ടതു പോലെ ആ സ്ഥാനം വഹിക്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

(iii) മേൽപ്രകാരം വിളിച്ചു കൂട്ടുന്ന പ്രത്യേക യോഗത്തിൽ, ഒന്നിലധികം സ്റ്റാൻറിംഗ് കമ്മിറ്റികളിൽ അംഗങ്ങളുടെ ഒഴിവ് ഉണ്ടായിരിക്കുകയും മത്സരിക്കുവാൻ സ്ഥാനാർത്ഥികൾ ഇല്ലാതെവരികയും ചെയ്യുന്ന സംഗതിയിൽ ഒഴിവുള്ള സ്ഥാനങ്ങളിലേയ്ക്ക് അതാത് സംഗതി പോലെ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 162 (1) /1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 20-ൽ പറഞ്ഞിട്ടുള്ള ക്രമത്തിൽ സ്റ്റാൻറിംഗ് കമ്മിറ്റികളിലേയ്ക്ക് ഒരു സ്റ്റാൻറിംഗ് കമ്മിറ്റിയിലും അംഗമല്ലാതെ ശേഷിക്കുന്ന അംഗങ്ങളെ അങ്ങനെ അംഗമോ, അംഗങ്ങളോ ഉണ്ടെങ്കിൽ യോഗത്തിൻെറ ഭൂരിപക്ഷ തീരുമാനവും സ്ത്രീ സംവരണ സ്ഥാനങ്ങളും കണക്കിലെടുത്തുകൊണ്ട് സ്റ്റാന്റിംഗ്കമ്മിറ്റികളിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളായി വരണാധികാരി പ്രഖ്യാപിക്കേണ്ടതും, അങ്ങനെ തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ ആ സ്ഥാനത്തിരിക്കുവാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതുമാണ് (ചട്ടം (7) കാണുക).

## 12. സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാന്റെ തിരഞ്ഞെടുപ്പ്

ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ഒഴികെയുള്ള കമ്മിറ്റികളുടെ ചെയർമാനെ തിരഞ്ഞെടുക്കുന്നതിനുള്ള യോഗം വിളിച്ചുകൂട്ടുന്നതിനുള്ള നോട്ടീസ് ബന്ധപ്പെട്ട സ്റ്റാൻറിംഗ് കമ്മിറ്റിയിലെ എല്ലാ അംഗങ്ങൾക്കും യോഗതീയതിക്ക് രണ്ടുദിവസം മുമ്പ് വരണാധികാരി നൽകേണ്ടതാണ്. മേൽപ്പറഞ്ഞ ദിവസങ്ങളിൽ പ്രഖ്യാപിത പൊതു



അവധിദിവസങ്ങൾ ഉൾപ്പെടുന്നതും എന്നാൽ നോട്ടീസ് കൈപ്പറ്റിയ തീയതിയും യോഗംകൂടുന്ന തീയതിയും ഉൾപ്പെടാത്തതും ആകുന്നു. യോഗം നടത്തുന്ന തീയതി, സ്ഥലം, സമയം എന്നിവ നോട്ടീസിൽ കാണിക്കണം. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻെറ ഓഫീസിലാണ് യോഗം വിളിച്ചുചേർക്കേണ്ടത്. നോട്ടീസിൻെറ കോപ്പി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്. മേൽ നോട്ടീസിൽ അംഗം സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാനായി മത്സരിക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ യഥാവിധി രേഖാമൂലം നാമനിർദ്ദേശം സമർപ്പിക്കുവാനും അങ്ങനെയുള്ള നാമനിർദ്ദേശം വരണാധികാരിയെ ഏൽപ്പിക്കേണ്ട അവസാന തീയതിയും സമയവും കാണിക്കേണ്ടതാണ് (ചട്ടം 4).

**13.** ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയല്ലാത്ത ഏതൊരു സ്റ്റാന്റിംഗ് കമ്മിറ്റിയിലേയ്ക്കും ചട്ടപ്രകാരം അംഗങ്ങളെ തിരഞ്ഞെടുത്തതിന് ശേഷം അതിൻെറ ചെയർമാനെ തിരഞ്ഞെടുക്കേ ണ്ടതാണ്. ചെയർമാനെ തിരഞ്ഞെടുക്കുന്നതിനു വേണ്ടിയുള്ള യോഗം 8-ാം ചട്ടപ്രകാരം അംഗങ്ങളുടെ തിരഞ്ഞെടുപ്പ് കഴിഞ്ഞ് അല്ലെങ്കിൽ ചെയർമാൻെറ ആകസ്മിക ഒഴിവുണ്ടായി കഴിയുന്നതും വേഗവും 15 ദിവസം കഴിയുന്നതിന് മുൻപും വരണാധികാരി വിളിച്ചുകൂട്ടേണ്ടതാണ്. ചെയർമാൻെറ തിരഞ്ഞെടുപ്പിൽ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ തിരഞ്ഞെടുക്കപ്പെട്ട ഒരംഗത്തിന് സ്വയം നാമനിർദ്ദേശം സമർപ്പിക്കാവുന്നതാണ്. എന്നാൽ സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനത്തിലേയ്ക്ക് സ്ത്രീകളല്ലാത്ത സ്റ്റാൻറിംഗ് കമ്മിറ്റി അംഗങ്ങൾക്ക് സ്ഥാനാർത്ഥികളാകുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല (ചട്ടം 10).

## 14. ചെയർമാന്റെ തിരഞ്ഞെടുപ്പ് രീതി

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനത്തേയ്ക്ക് തിരഞ്ഞെടുക്കപ്പെടാൻ ആഗ്രഹിക്കുന്ന ഏതൊരു സ്ഥാനാർത്ഥിയും തിരഞ്ഞെടുപ്പ് യോഗം വിളിക്കുന്നതിന് ചട്ടം 4 പ്രകാരം വരണാധികാരി അയച്ച നോട്ടീസിൽ കാണിച്ചിരിക്കുന്ന തീയതിക്കും സമയത്തിനുമുള്ളിൽ ചട്ടം 10 ൽ പറയും പ്രകാരമുള്ള നാമനിർദ്ദേശം (സ്ഥാനം സ്ത്രീ സംവരണത്തിന് വിധേയമായി) വരണാധികാരിക്ക് സമർപ്പിക്കേണ്ടതാണ്. യഥാവിധി നാമനിർദ്ദേശം നൽകിയിട്ടുള്ള സ്ഥാനാർത്ഥികളുടെ പേരുകൾ, വരണാധികാരി യോഗത്തിൽ വായിച്ചറിയിക്കേണ്ടതാണ്. ചെയർമാൻസ്ഥാനത്തേക്ക് സ്ഥാനാർത്ഥിയായി ഒരാൾ മാത്രമാണുള്ളതെങ്കിൽ പ്രസ്തുത സ്ഥാനാർത്ഥി ചെയർമാനായി തിരഞ്ഞെടുക്ക

പ്പെട്ടതായി വരണാധികാരി പ്രഖ്യാപിക്കേണ്ടതാണ്. ചെയർമാൻ സ്ഥാനത്തേയ്ക്ക് ഒന്നിലധികം സ്ഥാനാർത്ഥികൾ ഉണ്ടെങ്കിൽ യോഗത്തിൽവച്ച് വോട്ടെടുപ്പ് നടത്തേണ്ടതും, വോട്ടെടുപ്പിന് യോഗത്തിൽ ഹാജരായുള്ള ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് അതത് സംഗതിപോലെ 2000-ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ/2000-ലെ കേരള മുനിസിപ്പാലിറ്റി (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ എന്നിവയിൽ അനുബന്ധമായി ചേർത്തിട്ടുള്ള **2-ാം നമ്പർ ഫാറത്തിലുള്ള** ബാലറ്റ് പേപ്പർ നൽകേണ്ടതും ബാലറ്റ് പേപ്പറിൽ മൽസരിക്കുന്ന എല്ലാ സ്ഥാനാർത്ഥികളുടെയും പേരുകൾ ഉണ്ടായിരിക്കേണ്ടതുമാണ്. ഓരോ അംഗവും ബാലറ്റ് പേപ്പർ കിട്ടിയാലുടൻ ബാലറ്റ് പേപ്പറിൽ താൻ വോട്ട് ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാനാർത്ഥിയുടെ പേരിന് നേരേ **'X'** എന്ന അടയാളം രേഖപ്പെടുത്തി വോട്ട് ചെയ്യേണ്ടതും, ബാലറ്റ് പേപ്പറിന്റെ പുറകുവശത്ത് തന്റെ പേരും ഒപ്പും രേഖപ്പെടുത്തിയശേഷം അത് ബാലറ്റ് പെട്ടിയിൽ നിക്ഷേപിക്കേണ്ടതുമാണ്. വോട്ടെടുപ്പ് പൂർത്തിയായശേഷം വരണാധികാരി ബാലറ്റ് പെട്ടി തുറന്ന് അതിലെ ബാലറ്റ് പേപ്പറുകൾ പുറത്തെടുത്ത് ഓരോ സ്ഥാനാർത്ഥിക്കും കിട്ടിയ വോട്ടുകൾ എണ്ണേണ്ടതും, ഒരു സ്ഥാനാർത്ഥിയുടെയും പേരിനുനേരേ **'X'** എന്ന അടയാളം ഇല്ലാത്തതോ, ഒന്നിലധികം പേരിനുനേരെ **'X'** എന്ന അടയാളം ഉള്ളതോ, ബാലറ്റ് പേപ്പറിന്റെ പുറകുവശത്ത് വോട്ടുചെയ്ത അംഗത്തിന്റെ പേരും ഒപ്പും ഇല്ലാത്തതോ ആയ ബാലറ്റ് പേപ്പർ തള്ളിക്കളയേണ്ടതും, തള്ളിക്കളഞ്ഞ ബാലറ്റ് പേപ്പറുകൾ പ്രത്യേക കവറിൽ സൂക്ഷിക്കേണ്ടതുമാണ്. ഏറ്റവും കൂടുതൽ സാധുവായ വോട്ടുകൾ നേടിയ സ്ഥാനാർത്ഥി സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ടതായി വരണാധികാരി പ്രഖ്യാപിക്കേണ്ടതാണ്. ഏറ്റവും കൂടുതൽ സാധുവായ വോട്ടുകൾ രണ്ടോ അതിലധികമോ സ്ഥാനാർത്ഥികൾക്ക് തുല്യമായിവരുന്ന സന്ദർഭത്തിൽ യോഗത്തിൽവച്ച് വരണാധികാരി നറുക്കെടുപ്പ് നടത്തേണ്ടതും ആരുടെ പേരാണോ ആദ്യം നറുക്കെടുക്കപ്പെടുന്നത് ആ ആൾ ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ടതായി വരണാധികാരി പ്രഖ്യാപിക്കേണ്ടതുമാണ്.

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനെ തിരഞ്ഞെടുക്കുന്നതിന് വരണാധികാരി വിളിച്ചുകൂട്ടിയ യോഗത്തിൽ അംഗങ്ങൾ പങ്കെടുക്കാതിരിക്കുകയോ, ഒരംഗവും നാമനിർദ്ദേശം സമർപ്പിക്കാതിരിക്കുകയോ ചെയ്യുന്ന പക്ഷം സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളിൽ ഏറ്റവും പ്രായംകൂടിയ അംഗം ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ടതായി വരണാധികാരി പ്രഖ്യാപിക്കേണ്ടതും, എന്നാൽ സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനത്തേയ്ക്ക് ഇപ്രകാരം തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കപ്പെടുന്ന അംഗം സ്ത്രീ ആയിരിക്കേണ്ടതും, അപ്രകാരം ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട അംഗം ആ സ്ഥാനം വഹിക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്. മേൽപ്രകാരം



ഏറ്റവും പ്രായം കൂടിയ അംഗത്തെ ചെയർമാനായി പ്രഖ്യാപിക്കുന്ന അവസരത്തിൽ അക്കാര്യം വരണാധികാരി സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളേയും, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്/ചെയർപേഴ്സൺ, സെക്രട്ടറി എന്നിവരെയും രേഖാമൂലം അറിയിച്ചിരിക്കേണ്ടതാണ് (ചട്ടം 11 കാണുക).

## 15. സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ തിരഞ്ഞെടുപ്പിനും, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ തിരഞ്ഞെടുപ്പിനും വിളിച്ചുകൂട്ടുന്ന യോഗത്തിന്റെ നടപടികൾ രേഖപ്പെടുത്തലും, ബാലറ്റു പേപ്പറുകളുടെ സൂക്ഷിപ്പും.

തിരഞ്ഞെടുപ്പ് യോഗത്തിന്റെ നടപടികൾ രേഖപ്പെടുത്തുന്നതിനായി വരണാധികാരി തന്റെ ഓഫീസിൽ പ്രത്യേക മിനിട്ട്സ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. യോഗത്തിൽ പങ്കെടുത്ത അംഗങ്ങളുടെ ഹാജർ, ഓരോ സ്ഥാനാർത്ഥിക്കും വിവിധ ഘട്ടങ്ങളിൽ ലഭിച്ച വോട്ട്, ഓരോ അംഗവും ആർക്കാണ് വോട്ട് ചെയ്തതെന്ന വിവരം, ഫലപ്രഖ്യാപനം സംബന്ധിച്ച വിവരങ്ങൾ എന്നിവ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തേണ്ട താണ്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിലേക്കുള്ള അംഗങ്ങളുടേയും, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ സ്ഥാനത്തേയ്ക്കുമുള്ള തിരഞ്ഞെടുപ്പ് ഫലം ബന്ധപ്പെട്ട യോഗത്തിൽ പ്രഖ്യാപിച്ച് കഴിഞ്ഞാലുടൻതന്നെ വരണാധികാരി അത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതും, കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്കും, പ്രസിഡന്റിനും/ചെയർപേഴ്സണും നൽകേണ്ടതുമാണ്. തിരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിക്കുന്ന ദിവസം തന്നെ ആയത് സംബന്ധിച്ച വിവരങ്ങൾ ജില്ലാകളക്ടറേയും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെയും അറിയിക്കേണ്ടതാണ്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ രൂപീകരണശേഷവും, ചെയർമാൻ മാരുടെ തിരഞ്ഞെടുപ്പിന് ശേഷവും ഇത് സംബന്ധിച്ച വിശദാംശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനസെക്രട്ടറി നഗരകാര്യ /പഞ്ചായത്ത് ഡയറക്ടർക്കും സർക്കാരിനും നൽകേണ്ട താണ്.

## 16 ബാലറ്റ് പേപ്പറുകളുടെ സൂക്ഷിപ്പ്

ഓരോ ഘട്ടത്തിലും എണ്ണപ്പെട്ടതും അല്ലെങ്കിൽ തള്ളിക്കളഞ്ഞതുമായ ബാലറ്റ് പേപ്പറുകൾ വരണാധികാരി പ്രത്യേക പായ്ക്കറ്റുകളിലാക്കി മുദ്ര വയ്ക്കേണ്ടതും, ഓരോ പായ്ക്കറ്റിലും അതിൽ എത്ര എണ്ണം ബാലറ്റ് പേപ്പറുകൾ ഉൾക്കൊള്ളുന്നുവെന്നും, ഏതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടതാണെന്നും രേഖപ്പെടുത്തേണ്ടതുമാണ്. ഈ

മുദ്രവയ്ക്കപ്പെട്ട പായ്ക്കറ്റുകൾ വരണാധികാരി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറിയെ ഏല്പിക്കേണ്ടതും അദ്ദേഹം അത് ഭദ്രമായി സൂക്ഷിക്കേണ്ടതുമാണ്.

17. തിരഞ്ഞെടുപ്പിന് നിയോഗിക്കപ്പെടുന്ന വരണാധികാരികളും തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാരും, അതത് സംഗതിപോലെ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 2009-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ട് പ്രകാരം ഭേദഗതി ചെയ്തതും, 2010-ലെ പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) ഭേദഗതി ചട്ടങ്ങൾ വഴി 2000-ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങളിൽ ഉണ്ടായ മാറ്റങ്ങളും, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 2009-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് പ്രകാരം ഭേദഗതി ചെയ്തതും, 2000-ലെ കേരള മുനിസിപ്പാലിറ്റി (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങളിൽ 2010-ലെ കേരള മുനിസിപ്പാലിറ്റി (സ്റ്റാന്റിംഗ് കമ്മിറ്റി) ഭേദഗതി ചട്ടങ്ങൾപ്രകാരം ഭേദഗതി വരുത്തിയതും, പ്രത്യേകമായി പരിശോധിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടേയും ചെയർമാൻമാരുടെയും തിരഞ്ഞെടുപ്പിനുള്ള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 2010-ലെ മാർഗ്ഗനിർദ്ദേശങ്ങളിന്മേൽ പുറപ്പെടുവിക്കുന്ന അധിക നിർദ്ദേശങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനും, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെ തിരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട് വരണാധികാരികൾക്കായി കമ്മീഷൻ പുറപ്പെടുവിച്ച മാർഗനിർദ്ദേശങ്ങൾക്കു ശേഷം, 2010-ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) രണ്ടാം ഭേദഗതിചട്ടങ്ങളും, 2010-ലെ കേരള മുനിസിപ്പാലിറ്റി (സ്റ്റാന്റിംഗ് കമ്മിറ്റി) രണ്ടാം ഭേദഗതിചട്ടങ്ങളും, സർക്കാർ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ സ്പഷ്ടീകരണത്തിനായി ടി. മാർഗനിർദ്ദേശങ്ങളിൽ ;

**1. ഖണ്ഡിക 5 ന് ശേഷം താഴെപ്പറയുന്ന ഖണ്ഡിക 5(എ) ആയി വായിക്കേണ്ടതാണ്.**

5(എ) 2010-ലെ കേരള മുനിസിപ്പാലിറ്റി (സ്റ്റാന്റിംഗ് കമ്മിറ്റി) രണ്ടാം ഭേദഗതിചട്ടങ്ങൾ പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ സംവരണ സ്ഥാനങ്ങൾ സർക്കാർ പുതുക്കി നിശ്ചയിച്ചതനുസരിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അതിന്റെ 03.08.2010-ലെ നമ്പർ 459/2010/സംതിക ഉത്തരവ് റദ്ദ് ചെയ്യുകയും 2010-ലെ പൊതുതിരഞ്ഞെടുപ്പിനു ശേഷം നിലവിൽ വരുന്ന മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻമാരുടെ സ്ത്രീ സംവരണ സ്ഥാനങ്ങൾ പുതുക്കി വീതിച്ചു നൽകികൊണ്ട് കമ്മീഷൻ 01.11.2010 തീയതിയിൽ 693-ാം നമ്പരായി പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഓരോ മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ സ്ത്രീ സംവരണ സ്ഥാനങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള നഗരകാര്യ ഡയറക്ടറുടെ 12.08.2010-ലെ നമ്പർ എൽ. 9453/2009 വിജ്ഞാപനം റദ്ദ് ചെയ്ത് കമ്മീഷന്റെ പുതിയ ഉത്തരവ് പ്രകാരം സംവരണം ചെയ്യപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനങ്ങളുടെ വിവരം വീണ്ടും ഗസറ്റ് വിജ്ഞാപനം ചെയ്യുന്നതിന് നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം നഗരകാര്യ ഡയറക്ടർ ഓരോ മുനിസിപ്പാലിറ്റിയേയും കോർപ്പറേഷനേയും സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാർമാൻമാരുടെ സ്ത്രീ സംവരണ സ്ഥാനങ്ങൾ നിശ്ചയിച്ച് പുതിയ വിജ്ഞാപനം ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കണം മുനിസിപ്പാലിറ്റികളിലെ / കോർപ്പറേഷനുകളിലെ സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻമാരുടെ സ്ഥാനത്തേയ്ക്കുള്ള തിരഞ്ഞെടുപ്പ് നടത്തേണ്ടത്.

**2. ഖണ്ഡിക 6 ന് ശേഷം താഴെപ്പറയുന്ന ഖണ്ഡിക 6(എ) ആയി വായിക്കേണ്ടതാണ്.**

6(എ)2010-ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) രണ്ടാം ഭേദഗതിചട്ടങ്ങൾ പ്രകാരം ഓരോ തലത്തിലുമുള്ള പഞ്ചായത്തുകളിലെയും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ സ്ത്രീ സംവരണ സ്ഥാനങ്ങൾ സർക്കാർ പുതുക്കി നിശ്ചയിച്ചതനുസരിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ അതിന്റെ 13.09.2010 - ലെ 549/2010/സംതിക ഉത്തരവ് റദ്ദ് ചെയ്യുകയും 2010-ലെ പൊതുതിരഞ്ഞെടുപ്പിനു ശേഷം നിലവിൽ വരുന്ന ത്രിതല പഞ്ചായത്തുകളിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻമാരുടെ സ്ത്രീ സംവരണ സ്ഥാനങ്ങൾ പുതുക്കി നിശ്ചയിച്ചുകൊണ്ടും ആയവ ഓരോ ഗ്രാമ/ബ്ലോക്/ജില്ലാപഞ്ചായത്തിലേയും സ്റ്റാന്റിംഗ് കമ്മിറ്റികളിലേയ്ക്ക് വീതിച്ചു നൽകി കൊണ്ട് കമ്മീഷൻ 01.11.2010 തീയതിയിൽ 694-ാം നമ്പർ ആയി പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളിലെ ഓരോ പഞ്ചായത്തിലേയും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ സ്ത്രീ സംവരണ സ്ഥാനങ്ങൾ നിശ്ചയിച്ചുകൊണ്ട് പഞ്ചായത്ത് ഡയറക്ടർ 24.09.2010-ൽ നമ്പർ ജെ.3-28388/10 ആയി പുറപ്പെടുവിച്ച വിജ്ഞാപനം റദ്ദ് ചെയ്ത് കമ്മീഷന്റെ പുതിയ മേൽ ഉത്തരവ് പ്രകാരം സംവരണം ചെയ്യപ്പെടുന്ന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ സ്ഥാനങ്ങളുടെ വിവരം 3 തലത്തിലുമുള്ള ഓരോ പഞ്ചായത്തിനെ സംബന്ധിച്ചും വീണ്ടും ഗസറ്റ് വിജ്ഞാപനം വഴി പ്രസിദ്ധപ്പെടുത്തുന്നതിന് കമ്മീഷൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം പഞ്ചായത്ത് ഡയറക്ടർ 3 തലത്തിലുമുള്ള ഓരോ പഞ്ചായത്തിനെ സംബന്ധിച്ചും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ സ്ത്രീ സംവരണം നിശ്ചയിച്ച് പുതിയ വിജ്ഞാപനം ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കണം സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻമാരുടെ സ്ഥാനങ്ങളിലേയ്ക്ക് തിരഞ്ഞെടുപ്പ് നടത്തേണ്ടത്.

3. ഖണ്ഡിക 8(ബി) യുടെ തുടക്കത്തിൽ **''സ്ത്രീകൾക്കായി മുനിസിപ്പാലിറ്റി ............................ നിശ്ചയിച്ചിട്ടുള്ളത് ''**എന്ന അക്കങ്ങൾക്കും വാക്കുകൾക്കും പകരം ഖണ്ഡിക 5(എ), 6(എ) എന്നിവയിൽ പറയുന്ന സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ പുതുക്കിയ ഉത്തരവുകൾ പ്രകാരം നഗരകാര്യ ഡയറക്ടറും, പഞ്ചായത്ത് ഡയറക്ടറും വിവിധ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും, ത്രിതല പഞ്ചായത്തുകൾക്കും ബാധകമാകും വിധം സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്ത് കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള പുതിയ വിജ്ഞാപനങ്ങൾ പ്രകാരമാണ്

വിവിധ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ സ്ത്രീ സംവരണ സ്ഥാനങ്ങൾ നിശ്ചയിക്കേണ്ടത് .

**4. ഖണ്ഡിക 9 (സി) (i) ന് തുടർച്ചയായി താഴെപ്പറയുന്ന വാക്കുകൾ ചേർക്കേണ്ട താണ്.**

ഒരു സ്റ്റാന്റ ിംഗ് കമ്മിറ്റി രൂപീകരിക്കാനുള്ള തിരഞ്ഞെടുപ്പിൽ ചട്ടം 4 ന് വിധേയമായി ഏതൊരു സ്ഥാനാർത്ഥിക്കും സ്വയം നാമനിർദ്ദേശം സമർപ്പിക്കാവുന്നതാണ് .

**5. ഖണ്ഡിക 14 ന് ശേഷം താഴെപ്പറയുന്ന ഖണ്ഡിക 14(എ) ആയി വായിക്കേണ്ടതാണ്.**

**14(എ) കോറം**

സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിന് ചേരുന്ന കൗൺസിൽ/പഞ്ചായത്ത് യോഗങ്ങൾക്കും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെ തിരഞ്ഞെടുക്കുന്നതിന് ചേരുന്ന സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ യോഗങ്ങൾക്കും പ്രത്യേകം കോറം നിബന്ധന ഇല്ലാത്തതാകുന്നു.

ബി. ശ്രീദേവി
സെക്രട്ടറി